©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം, വ്യാഴം<br>Thiruvananthapuram, Thursday | 2015 ഏപ്രിൽ 30<br>30th April 2015<br>1190 മേടം 16<br>16th Medam 1190<br>1937 വൈശാഖം 10<br>10th Vaisakha 1937 | നമ്പർ<br>No. | 1058 |

## കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

### വിജ്ഞാപനം

സ.ഉ. (അച്ചടി) നമ്പർ 149/2015/തസ്വഭവ. *തിരുവനന്തപുരം, 2015 ഏപ്രിൽ 30 / 1190 മേടം 16.*

**എസ്. ആർ. ഒ. നമ്പർ 267/2015.**—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ (1994-ലെ 20) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും (2)-ാം ഉപവകുപ്പ് (ബി), (സി), (ഇ) എന്നീ ഖണ്ഡങ്ങളും പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് 1994 ഏപ്രിൽ 22-ാം തീയതിയിലെ സ.ഉ. (എം.എസ്.) 92/94/എൽ.എ.ഡി. നമ്പർ ആയി

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.

33/1768/2015/S-13.

പുറപ്പെടുവിച്ചതും 1994 ഏപ്രിൽ 22-ാം തീയതിയിലെ 361-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 479/94 ആയി പ്രസിദ്ധീകരിച്ച വിജ്ഞാപനം V ഭാഗികമായി ഭേദഗതി ചെയ്യുവാൻ കേരള സർക്കാർ ഉദ്ദേശിക്കുന്ന വിവരം 2015 ജനുവരി 25-ാം തീയതിയിലെ ഇ.എം. 3/13(8)/2014/ത.സ്വ.ഭ.വ. നമ്പരായി 2015 ജനുവരി 25-ാം തീയതിയിലെ 186-ാം നമ്പർ കേരള അസാധാരണ ഗസറ്റിലും 2015 ജനുവരി 25-ാം തീയതിയിലെ ഇ.എം.3/13(9)/2014/ത.സ്വ.ഭ.വ. നമ്പരായി 2015 ജനുവരി 25-ാം തീയതിയിലെ 187-ാം നമ്പർ കേരള അസാധാരണ ഗസറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിനാലും;

പ്രസ്തുത വിജ്ഞാപനങ്ങൾ പ്രകാരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും സർക്കാർ പരിഗണിച്ചുകൊണ്ടും ;

ഇപ്പോൾ, അതിനാൽ, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ (1994-ലെ 20) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും (2)-ാം ഉപവകുപ്പ് (ബി), (സി), (ഇ) എന്നീ ഖണ്ഡങ്ങളും പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ടും താഴെ പട്ടികയിലെ (1)-ാം കോളത്തിൽ പറയുന്ന ജില്ലകളിലെ (2)-ാം കോളത്തിൽ പറയുന്ന മുനിസിപ്പൽ പ്രദേശങ്ങളിൽ നിന്നും (3)-ാം കോളത്തിൽ പറയുന്ന നഗരപ്രദേശങ്ങളെ ഒഴിവാക്കിക്കൊണ്ടും (4)-ാം കോളത്തിൽ പറയുന്ന ഗ്രാമപഞ്ചായത്തിനെ സംയോജിപ്പിച്ചുകൊണ്ടും (5)-ാം കോളത്തിൽ പറയുന്ന മുനിസിപ്പൽ കൗൺസിലുകളാക്കി പരിവർത്തനപ്പെടുത്തി അവയ്ക്ക് യഥാക്രമം (6)-ാം കോളത്തിൽ പറഞ്ഞിരിക്കുന്ന ആസ്ഥാനം നിശ്ചയിച്ചുകൊണ്ടും (7)-ാം കോളത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം അതിരുകൾ നിർണ്ണയിച്ചുകൊണ്ടും ഇപ്രകാരം വേർപെടുത്തപ്പെട്ട മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തെ ഒഴിവാക്കി (8)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള അതിർത്തികളോടെ മാതൃ മുനിസിപ്പൽ കോർപ്പറേഷനുകളെ നിലനിർത്തിക്കൊണ്ടും 2015 നവംബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു, അതായത് :—

പട്ടിക

| ജില്ല | മുനിസിപ്പൽ കോർപ്പറേഷന്റെ പേര് | മുനിസിപ്പൽ കൗൺസിൽ രൂപീകരിക്കുന്നതിനായി മുനിസിപ്പൽ കോർപ്പറേഷനിൽനിന്നും ഒഴിവാക്കപ്പെടുന്ന പ്രദേശം | 3-ാം കോളത്തിലെ മുനിസിപ്പൽ പ്രദേശത്തോട് കൂട്ടിച്ചേർക്കുന്ന ഗ്രാമ പഞ്ചായത്ത് പ്രദേശം | പുതുതായി രൂപീകരിക്കുന്ന മുനിസിപ്പാലിറ്റി | പുതുതായി രൂപീകരിക്കുന്ന മുനിസിപ്പൽ കൗൺസിലിന്റെ ആസ്ഥാനം | അതിരുകൾ | പുതിയ മുനിസിപ്പൽ കൗൺസിലിന്റെ രൂപീകരണത്തിനു ശേഷം നിലവിലുള്ള മുനിസിപ്പൽ കോർപ്പറേഷന്റെ പേരും, ആസ്ഥാനവും, അതിരുകളും |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| തിരുവനന്തപുരം | തിരുവനന്തപുരം | 1, 2, 3, 4, 8, 9, 10, 11, 97, 98 99, 100 | | കഴക്കൂട്ടം | കഴക്കൂട്ടം | വടക്ക്— കഠിനംകുളം പഞ്ചായത്ത് അതിർത്തി കഴക്കൂട്ടം എഫ്.സി.ഐ. ഗോഡൗൺ വെട്ടുറോഡ്, ചന്തവിള, ആമ്പല്ലൂർ, അണ്ടൂർക്കോണം, അരിയോട്ടുക്കോണം, മടവൂർപാറ, ശാന്തിപുരം അയിരൂർപാറ. പന്തലക്കോട് | തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ, തിരുവനന്തപുരം വടക്ക്—വേളി കായൽ, ആക്കുളം കട്ടേല, എഞ്ചിനീയറിംഗ് കോളേജ്, ചാവടിമുക്ക്, ശ്രീകാര്യം, ചെക്കാലമുക്ക്, കരിയം, ഇടവക്കോട്, ആമയിഴഞ്ചാൻ തോട്, ഐശ്വര്യനഗർ, മാർത്തോമാ |

| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
|---|---|---|---|---|---|---|---|
| | | | | | | **കിഴക്ക്**— | സ്റ്റഡി സെന്റർ, |
| | | | | | | പന്തലക്കോട്, | സൂര്യ നഗർ, |
| | | | | | | വാളക്കുഴി, | കരകുളം |
| | | | | | | വട്ടക്കരിക്കകം, | പഞ്ചായത്ത് |
| | | | | | | സൂര്യനഗർ, | അതിർത്തി, |
| | | | | | | മാർത്തോമാ | എം.സി. റോഡ്, |
| | | | | | | സ്റ്റഡി സെന്റർ, | സൂര്യപ്രഭാ |
| | | | | | | ഐശ്വര്യ നഗർ, | കൺവെൻഷൻ |
| | | | | | | ആമയിഴഞ്ചാൻ | സെന്റർ, |
| | | | | | | തോട്, | മരുതൂർ |
| | | | | | | ഇടവക്കോട്. | ഒന്നാം വളവ്, |
| | | | | | | **തെക്ക്**— | മുക്കോലയ്ക്കൽ, |
| | | | | | | ഇടവക്കോട്, | കിഴക്കേ |
| | | | | | | കരിയം, | മുക്കോലയ്ക്കൽ |
| | | | | | | ചെക്കാലമുക്ക്, | ജംഗ്ഷൻ, |
| | | | | | | ശ്രീകാര്യം, | കല്ലയം |
| | | | | | | ചാവടിമുക്ക്, | വഴയില റോഡ്, |
| | | | | | | എഞ്ചിനീയറിംഗ് | വഴയില, |
| | | | | | | കോളേജ്, | മുക്കോല |
| | | | | | | കട്ടേല, | റോഡ്, |
| | | | | | | ആക്കുളം, | കാച്ചാണി |
| | | | | | | വേളി കായൽ, | ഹൈസ്കൂൾ |
| | | | | | | **പടിഞ്ഞാറ്**— | ജംഗ്ഷൻ |
| | | | | | | വേളി കായൽ, | മലമുകൾ |
| | | | | | | ചെറിയതുറ | വരെ |

| | |
|---|---|
| വി.എസ്.എസ്.സി, | **കിഴക്ക്**— |
| പള്ളിത്തുറ, | മലമുകൾ, |
| കഴക്കൂട്ടം, | കരമനയാർ, |
| എഫ്.സി.ഐ. | കുണ്ടമൺകടവ്, |
| ഗോഡൗൺ | കരമനയാർ, |
| കഠിനംകുളം | മങ്ങാട്ടുകടവ്, |
| ഗ്രാമപഞ്ചായത്ത് | തൃക്കണ്ണാപുരം, |
| | വിളവൂർക്കൽ |
| | പഞ്ചായത്ത് |
| | അതിർത്തി, |
| | നേമം |
| | വിക്ടറി സ്കൂൾ, |
| | പള്ളിച്ചൽ |
| | പഞ്ചായത്ത് |
| | അതിർത്തി, |
| | കുളക്കുടിയൂർ |
| | കോണം റോഡ്, |
| | കുളക്കുടിയൂർ |
| | കോണം, |
| | കല്ലിയൂർ |
| | പഞ്ചായത്ത് |
| | അതിർത്തി, |
| | ശാന്തിവിള |
| | ഹോസ്പിറ്റൽ |
| | ജംഗ്ഷൻ, |
| | കരുമം റോഡ്, |

| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
|---|---|---|---|---|---|---|---|
| | | | | | | | കന്നുകാലിചാൽ<br>കന്നുകാലിചാൽ<br>പാലം,<br>വെള്ളായണി<br>കായൽ,<br>കീഴൂർ,<br>കോളിയൂർ,<br>കല്ലടിച്ചാൻമൂല,<br>കോവളം<br>ബൈപാസ്,<br>വിഴിഞ്ഞം<br>പഴയറോഡ്,<br>നീലകണ്ഠ<br>തിയേറ്റർ,<br>പി.എച്ച്.സി.<br>റോഡ് വഴി<br>കല്ലുവെട്ടാൻകുഴി,<br>വെങ്ങാനൂർ<br>ജംഗ്ഷൻ,<br>വെങ്ങാനൂർ<br>വി.പി.എസ്.എച്ച്.<br>എസ്.എസ്.,<br>എസ്.എ.എസ്.<br>യു.പി.എസ്.,<br>നെല്ലിവിള |

ടെംപിൾ,
ചാവടിനട
സ്കൂൾ,
ഉച്ചക്കട,
ഉച്ചക്കട ജംഗ്ഷൻ
മുതൽ
ശാന്തിപുരം
ജംഗ്ഷൻ വരെ.
തെക്ക്—
ശാന്തിപുരം
ജംഗ്ഷൻ മുതൽ
പുളിങ്കുടി
ജംഗ്ഷൻ
വരെയും
കോട്ടുകാൽ
പഞ്ചായത്ത്
അതിർത്തി,
ലക്ഷദ്വീപ്
കടൽ
പടിഞ്ഞാറ്—
ലക്ഷദ്വീപ് കടൽ,
അറബിക്കടൽ,
വേളി കായൽ
വരെ.

| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
|---|---|---|---|---|---|---|---|
| കോഴിക്കോട് | കോഴിക്കോട് | 1, 2, 3, 4, 5, 75, എന്നീ വാർഡുകൾ | തലക്കുളത്തൂർ | ഏലത്തൂർ | ഏലത്തൂർ | **വടക്ക്**— അത്തോളി ഗ്രാമ പഞ്ചായത്ത്. **കിഴക്ക്**— കക്കോടി, നന്മണ്ട, കാരൂർ, ചേലന്നൂർ ഗ്രാമ പഞ്ചായത്തുകൾ. **തെക്ക്**— കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ, കക്കോടി ഗ്രാമപഞ്ചായത്ത്. **പടിഞ്ഞാറ്**— അറബിക്കടൽ, ചേമഞ്ചേരി ഗ്രാമ പഞ്ചായത്ത് | **കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ, കോഴിക്കോട്.** **വടക്ക്**— കക്കോടി കുരുവട്ടൂർ, കുരുമംഗലം ഗ്രാമപഞ്ചായത്തുകളും ഏലത്തൂർ മുനിസിപ്പാലിറ്റിയും. **കിഴക്ക്**— പെരുവയൽ, ഒളവണ്ണ ഗ്രാമപഞ്ചായത്തുകൾ. **തെക്ക്**— ബേപ്പൂർ, ചെറുവണ്ണൂർ-നല്ലളം മുനിസിപ്പാലിറ്റികൾ. **പടിഞ്ഞാറ്**— അറബിക്കടൽ. |

| | | | | | | | |
|---|---|---|---|---|---|---|---|
| കോഴിക്കോട് | കോഴിക്കോട് | 40, 41, 42, 43 44, 45, 46, വാർഡുകൾ | .. | ചെറുവണ്ണൂർ-നല്ലളം | ചെറുവണ്ണൂർ-നല്ലളം | **വടക്ക്—** കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ. **കിഴക്ക്—** ചാലിയാറുമായി ബന്ധിപ്പിക്കുന്ന ചെറുപുഴ, **തെക്ക്—** ചാലിയാർ പുഴ **പടിഞ്ഞാറ്—** ബേപ്പൂർ | **കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ, കോഴിക്കോട്.** **വടക്ക്—** കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ **കിഴക്ക്—** ചാലിയാറുമായി ബന്ധിപ്പിക്കുന്ന ചെറുപുഴ **തെക്ക്—** ചാലിയാർ പുഴ **പടിഞ്ഞാറ്—** ബേപ്പൂർ |

| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
|---|---|---|---|---|---|---|---|
| കോഴിക്കോട് | കോഴിക്കോട് | 47, 48, 49, 50 51, 52, 53 എന്നീ വാർഡുകൾ | .. | ബേപ്പൂർ | ബേപ്പൂർ | **വടക്ക്**— കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ. **കിഴക്ക്**— ചെറുവണ്ണൂർ-നല്ലളം മുനിസിപ്പാലിറ്റി. **തെക്ക്**— ചാലിയാർ പുഴ **പടിഞ്ഞാറ്**— അറബിക്കടൽ. | **കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ, കോഴിക്കോട്.** വടക്ക്- കക്കോടി, കുരുവട്ടൂർ, കുരുമംഗലം ഗ്രാമ പഞ്ചായത്തുകളും ഏലത്തൂർ മുനിസിപ്പാലിറ്റിയും, **കിഴക്ക്**— പെരുവയൽ, ഒളവണ്ണ ഗ്രാമ പഞ്ചായത്തുകൾ. **തെക്ക്**— ബേപ്പൂർ, ചെറുവണ്ണൂർ-നല്ലളം മുനിസിപ്പാലിറ്റികൾ. **പടിഞ്ഞാറ്**— അറബിക്കടൽ |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ജെയിംസ് വർഗ്ഗീസ്,

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 4-ാം വകുപ്പ് (1), (2) ഉപവകുപ്പുകളിലെ വ്യവസ്ഥകൾ പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ട് തിരുവനന്തപുരം, കോഴിക്കോട് കോർപ്പറേഷനുകളിൽനിന്നും പട്ടികയിലെ (3)-ാം കോളത്തിൽ പറഞ്ഞിരിക്കുന്ന വാർഡുകളെ ഒഴിവാക്കി യഥാക്രമം കഴക്കൂട്ടം, ചെറുവണ്ണൂർ-നല്ലളം, ബേപ്പൂർ എന്നീ സ്ഥലങ്ങൾ ആസ്ഥാനങ്ങളാക്കി നിശ്ചയിച്ച്, മേൽപ്പറഞ്ഞ വാർഡുകൾ ഉൾപ്പെടുത്തി കഴക്കൂട്ടം, ചെറുവണ്ണൂർ-നല്ലളം, ബേപ്പൂർ മുനിസിപ്പൽ കൗൺസിലുകൾ രൂപീകരിക്കുവാനും അതോടൊപ്പം കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ പട്ടികയിലെ (3)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള ഒഴിവാക്കപ്പെട്ട വാർഡുകളെ (4)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള ഗ്രാമ പഞ്ചായത്തു പ്രദേശവുമായി സംയോജിപ്പിച്ചുകൊണ്ട് ഫറോക്ക് ആസ്ഥാനമാക്കി ഫറോക്ക് എന്ന പേരിൽ പുതുതായി ഒരു മുനിസിപ്പൽ കൗൺസിൽ രൂപീകരിക്കുവാനുമുള്ള ഉദ്ദേശ്യം 2015 ജനുവരി 25-ാം തീയതി ഇ. എം. 3/13(8)/2014/ത.സ്വ.ഭ.വ. നമ്പർ വിജ്ഞാപനം 2015 ജനുവരി 25-ാം തീയതിയിലെ 186-ാം നമ്പർ കേരള അസാധാരണ ഗസറ്റിലും 2015 ജനുവരി 25-ാം തീയതി ഇ. എം. 3/13(9)/2014/ത.സ്വ.ഭ.വ. നമ്പർ വിജ്ഞാപനം 2015 ജനുവരി 25-ാം തീയതി 187-ാം നമ്പർ കേരള അസാധാരണ ഗസറ്റിലും പ്രസിദ്ധീകരിച്ചിരുന്നു. അതുപ്രകാരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും പൊതു ജനങ്ങളിൽനിന്നും ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് പട്ടികയിലെ (5)-ാം കോളത്തിൽ പറയുന്ന മുനിസിപ്പൽ കൗൺസിലുകൾ 2015 നവംബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം രൂപീകരിക്കുവാൻ കേരള സർക്കാർ തീരുമാനിച്ചു.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

---